"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി - തസ്തികകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

G.O.(Rt)No.748/2020/LSGD തീയതി,തിരുവനന്തപുരം, 09/04/2020

പരാമർശം:- 1 സ.ഉ.(കൈ.)നം.40/2016/ത.സ്വ.ഭ.വ. തീയതി 25/2/2016

2 16.08.2019-ലെ സ.ഉ.(കൈ.)നം.106/2019/ത.സ്വ.ഭ.വ.

3 05.10.2019-ലെ സ.ഉ.(പി.)65/2019/ത.സ്വ.ഭ.വ

4 05.10.2019-ലെ സ.ഉ.(പി.)നം.66/2019/ത.സ്വ.ഭ.വ

**ഉത്തരവ്**

2016-ലെ കേന്ദ്ര നിയമമായ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റും ഇതിനനുസൃതമായി സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്ത 2018-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) റൂൾസും നിലവിൽ വരുന്നതിനു മുമ്പ് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ് പ്രകാരം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്ന കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി പരാമർശം (1) പ്രകാരം താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിരുന്നു.

| തസ്തിക | എണ്ണം | ശമ്പള സ്കെയിൽ (രൂപയിൽ) പ്രീ റിവൈസ്ഡ്) |
|---|---|---|
| സെക്രട്ടറി (ടെക്നിക്കൽ & അഡ്മിനിസ്ട്രേഷൻ) | 1 | 44,640-58,640 |
| സെക്രട്ടറി (ലീഗൽ) | 1 | 44,640-58,640 |
| ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ)/ ഡെപ്യൂട്ടി ടൗൺ പ്ലാനർ | 2 | 21,240-37,040 |
| ക്ലർക്ക് | 2 | 9,940-16,580 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്- II | 1 | 10,480-18,300 |
| ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | 1 | 9,940-16,580 |
| ഓഫീസ് അറ്റന്റന്റ് ഗ്രേഡ്- II | 1 | 8,500-13,210 |
| ആകെ | 9 | |

2) കേന്ദ്ര നിയമമായ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട്, 2016 (Central Act 16 of 2016)-ന്റെ സെക്ഷൻ 20(1) പ്രകാരം, ടി ആക്ട് നിലവിൽ വന്ന് ഒരു വർഷത്തിനുള്ളിൽ അതാത് സംസ്ഥാനങ്ങൾ റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം സംസ്ഥാനത്ത് കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ഇപ്രകാരം പുതുതായി രൂപീകരിക്കുന്ന കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ ചെയർമാനും അംഗങ്ങളും നിയമിക്കപ്പെടുന്നതു വരെ മേൽ തസ്തികകൾ തുടരുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പരാമർശം (3) പ്രകാരം കേന്ദ്ര നിയമം അനുശാസിക്കുന്ന രീതിയിൽ കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചുകൊണ്ടും പരാമർശം (4) പ്രകാരം ചെയർമാനെയും അംഗങ്ങളെയും നിയമിച്ചു കൊണ്ടും സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും അതോറിറ്റി സംസ്ഥാനത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

3) മേല്പറഞ്ഞ പ്രകാരം പുതുതായി നിലവിൽ വന്ന കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു. 2016-ലെ കേന്ദ്ര നിയമം നിലവിൽ വരുന്നതിനു മുൻപ് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുള്ളതിൽ ചുവടെ ചേർക്കുന്ന തസ്തികളും കരാർ അടിസ്ഥാനത്തിൽ ഒരു അക്കൌണ്ട്സ് ഓഫീസർ തസ്തികയും താഴെപ്പറയുന്ന രീതിയിൽ പുതുതായി രൂപീകരിച്ച കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിക്ക് 05/10/2019 (അതോറിറ്റി രൂപീകരിച്ച തീയതി) മുതൽ പ്രാബല്യത്തിൽ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ (രൂപയിൽ) | നിയമന രീതി |
|---|---|---|---|---|
| 1 | സെക്രട്ടറി (ടെക്നിക്കൽ & അഡ്മിനിസ്ട്രേഷൻ) | 1 | 85000-117600 | നഗര ഗ്രാമാസൂത്രണ വകുപ്പിൽ നിന്നും അന്യത്ര സേവനം |
| 2 | സെക്രട്ടറി (ലീഗൽ) | 1 | 85000-117600 | നിയമ വകുപ്പിൽ നിന്നും അന്യത്ര സേവനം |
| 3 | ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ) / ഡെപ്യൂട്ടി ടൗൺ പ്ലാനർ | 2 | 40500-85000 | നഗര ഗ്രാമാസൂത്രണ വകുപ്പിൽ നിന്നും അന്യത്ര സേവനം |

| | | | | |
|---|---|---|---|---|
| 4 | ക്ലർക്ക് | 2 | | ദിവസ വേതനം |
| 5 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്- II | 1 | | ദിവസം വേതനം |
| 6 | ഓഫീസ് അറ്റന്റന്റ് ഗ്രേഡ്- II | 1 | | ദിവസ വേതനം |
| 7 | അക്കൌണ്ട്സ് ഓഫീസർ | 1 | | കരാർ നിയമനം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

പകർപ്പ്
ചെയർമാൻ, കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം, (with C/L)
ചീഫ് ടൌൺ പ്ലാനർ, നഗരഗ്രാമാസൂത്രണ വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി (ടെക്നിക്കൽ & അഡ്മിനിസ്ട്രേഷൻ), കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നിയമ വകുപ്പ്

ധനകാര്യ വകുപ്പ് (20.12.2019-ലെ DEV-1/251/2019-FIN പ്രകാരം.)

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.